# 2. Sarah (സാറാ)



ജനനത്തിനു മുമ്പ് ശിശുവിന് പേര് എന്തു നൽകണമെന്ന് മുന്നറിയിപ്പ് നൽകിയ സംഭവവും,ജനനാനന്തരം പേരുമാറ്റിയവരേയും വചനത്തിൽ കാണാം . പ്രത്യേകമായ ഒരു ഉദ്ദേശ്യത്തോടെയാണ് ദൈവം ഒരു കാര്യം ചെയ്യുന്നത്. ദൈവം പേരുമാറ്റിയ ആദ്യത്തെ രണ്ടു വ്യക്തികളാണ് അബ്രാമും സാറായിയും, സാറായി എന്ന വാക്കിന് രാജകുമാരി എന്ന് അർത്ഥമുണ്ട്. പുറജാതിക്കാരനായ അബ്രാമിനെ വിളിച്ച് ദൈവം വേർതിരിച്ചപ്പോഴാണ് അവൻ എബ്രായനായത്. അങ്ങനെ അന്യവിഗ്രഹങ്ങളെ ആരാധിച്ചവന് എബ്രായൻ എന്ന പദവി ലഭിച്ചു. (ഉല്പ:14:13)

## സാറായുടെ പ്രത്യേകതകൾ

1. ആദ്യ എബ്രായ വനിത— ദൈവവിളിയാൽ എബ്രായനായവനോടൊപ്പം , വിളിക്കാതെ വന്ന അവന്റെ സഹോദരിയായ ഭാര്യയെ ദൈവം മാനിച്ചതിനാൽ അവൾ എബ്രായ വനിതയായി.

2. ഫറവോന്റെ ദേശത്തെത്തിയപ്പോൾ സ്വയരക്ഷയ്ക്ക് 'സഹോദരി' എന്ന് പറയുവാൻ ഭർത്താവ് ആവശ്യപ്പെട്ടപ്പോൾ അന്ധമായി അനുസരിച്ച ഭാര്യ.

(ഹാരാനിൽ നിന്ന് പുറപ്പെട്ടതു ശരി തന്നെ, പക്ഷേ താമസം ബെഥേലിനും ഹായിയക്കും നടുവിലത്രേ.ഉല്പ:(12:8)
ബെഥേൽ ജയത്തേയും ,ഹായ് പരാജയത്തേയും കാണിക്കുന്നു.)

3.ദൈവം വിളിക്കും മുമ്പേ സാറാ മച്ചി ആയിരുന്നു
ഉല്പ:(11:30)

വചനത്തിൽ 'മച്ചി' യെന്ന് ആദ്യം രേഖപ്പെടുത്തപ്പെട്ട സ്ത്രീ.

4. ബുദ്ധിയും വിവേകവുമില്ലാത്ത സുന്ദരി

('സഹോദരി' എന്ന് പറഞ്ഞയച്ച ഭാര്യയെ ഫറവോന്റെ കൊട്ടാരത്തിലേക്കയച്ചാൽ വരുന്ന അപകടത്തെപ്പറ്റി ഓർക്കാതെ , തനിക്കു ലഭിക്കുവാൻ പോന്ന നന്മകളെ മാത്രം ഓർത്ത ഭർത്താവിനെ തിരുത്താൻ കഴിവില്ലാത്ത സ്ത്രീയാണ് സാറായി. എന്നാൽ അവരെ ഓർത്ത ദൈവം രക്ഷിച്ചു. ഉല്പ:(12:17)

വിളിയില്ലാതെ വന്നവൾ , ഫറവോന്റെ സമ്മാനമായ മൃഗസമ്പത്തിനെയും ദാസി ദാസൻമാരെകൂടെക്കൂട്ടി. വേർപാടില്ലാത്തവരെ ജീവിത യാത്രയിൽ കൂടെകൂട്ടരുത്. )

5. ദൈവീക പദ്ധതിയെ തകിടം മറിക്കുന്ന സാത്താന്യ ചിന്തകൾ ഉടലെടുത്തത് ഈ സുന്ദരിയിലത്രെ. വാഗ്ദത്ത സന്തതിയെ ലഭിക്കയില്ല എന്ന് സ്വയം നിശ്ചയിച്ച് , അവളുടെ തീരുമാനം മറ്റുള്ളവരിൽ അടിച്ചേൽപ്പിച്ചവൾ --ഉല്പ:(16:2)

6. ക്ഷമയില്ലാത്ത അവളുടെ സ്വഭാവം മൂലം വാഗ്ദത്തം നൽകിയ ദൈവത്തെ രണ്ടുപേരും മറന്നു. ഹാഗാറിന്റെ സമ്മതവും അവർക്കാവശ്യമില്ലായിരുന്നു. ---ഉല്പ:(16:3,4)

7. അസൂയാലുവായ ഈ സുന്ദരി ഏതു പ്രശ്നത്തിനും മറ്റുള്ളവരെ പഴിചാരുന്ന പ്രകൃതവും അവൾക്കുണ്ടായിരുന്നു. --ഉല്പ:(16:4,5)

8. സാറായി എന്ന അവളുടെ പേർ ദൈവം സാറാ എന്നാക്കി --ഉല്പ:(17:15-16).

9.സാറാ സൽക്കാരപ്രീയ ആയിരുന്നു.--ഉല്പ:(18:1-18)

10. ഭർത്താവിനെ പേരുവിളിക്കുന്ന ഇന്നത്തെ സമൂഹത്തിന് മാതൃകയായ സ്ത്രീ. അവൾ തന്റെ ഭർത്താവിനെ വിളിച്ചിരുന്നത് 'യജമാനൻ' എന്നായിരുന്നു.

11. ആയുർ ദൈർഘ്യം രേഖപ്പെടുത്തിയ സ്ത്രീ --ഉല്പത്തി(23:1)

മീതെയുള്ള യെരുശലേം സ്വതന്ത്രയാകുന്നു, അവൾ തന്നെ നമ്മുടെ അമ്മ. അതാണ് സാറാ.അതേ നാം സ്വതന്ത്രയുടെ മക്കളത്രേ ഗലാ:(4:26,31)പൂർണ്ണ വാർദ്ധക്യത്തിൽ , വാഗ്ദത്ത സന്തതിയുടെ മാതാവായി മരിച്ചത് ഹെബ്രോനിൽ വച്ചായിരുന്നു. അവളെ അടക്കം ചെയ്യുവാനായി ഹിത്യരോട് മാക്പേല

നിലവും അതിലെ ഗുഹയും അബ്രഹാം വിലയ്ക്കുവാങ്ങി. അവർ അത് ശ്മശാനാവകാശമായി അബ്രഹാമിന് നൽകി.

Read- ഉല്പ- 23